**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 355** **11.06.2013-ൽ മറുപടിയ്ക്ക്**

## വൈദ്യുതി വകുപ്പ് പുറമേ നിന്നും വാങ്ങുന്ന വൈദ്യുതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ഉൽപാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് പുറമേ എവിടെ നിന്നൊക്കെയാണ് വൈദ്യുതി വാങ്ങുന്നത് എന്നും യൂണിറ്റിന് എത്ര രൂപയാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ ;

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് പുറമെ കേന്ദ്രപൂളിൽ നിന്നും, ഐ.പി.പി.കളിൽ നിന്നും പവർ എക്സ്ചേഞ്ചുകൾ മുഖേനയും, ട്രേഡർമാർ മുഖേനയും വൈദ്യുതി വാങ്ങുന്നുണ്ട്.

ഏപ്രിൽ 2013-ൽ, പുറമെ നിന്നും വാങ്ങിയ വൈദ്യുതിയുടെ ശരാശരി യൂണിറ്റ് നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| കേന്ദ്രപൂൾ | 3.19 രൂപ / യൂണിറ്റ് |
| ഐ.പി.പി. കൾ | 12.00 രൂപ / യൂണിറ്റ് |
| ട്രേഡർ | 6.36 രൂപ / യൂണിറ്റ് |
| പവർ എക്സ്ചേഞ്ച് | 7.55 രൂപ / യൂണിറ്റ് |

(ബി) പുറമെ നിന്ന് വൈദ്യുതി വാങ്ങുന്നതിനുള്ള നടപടി ക്രമം വ്യക്തമാക്കുമോ ?

(ബി) ഊർജ്ജ മന്ത്രാലയത്തിന്റെ ഉത്തരവ്പ്രകാരം കാലാകാലങ്ങളിൽ കേരളത്തിന് അനുവദിച്ചു തരുന്ന കേന്ദ്ര വിഹിതം പ്രകാരം ആണ് കേന്ദ്രപൂളിൽ നിന്നും വൈദ്യുതി ലഭിക്കുന്നത്. ബോർഡ് വിവിധ ഐ.പി.പി.കളുമായി ഏർപ്പെട്ടിരിക്കുന്ന കരാറുകൾ പ്രകാരമാണ് ഐ.പി.പി.കളിൽ നിന്നും വൈദ്യുതി വാങ്ങുന്നത്.

മത്സരാധിഷ്ഠിത ദർഘാസുകൾ വഴി ട്രേഡർമാരുമായി വൈദ്യുതി ബോർഡ് ഏർപ്പെടുന്ന കരാറുകൾ മുഖേനയാണ് ട്രേഡർമാരിൽ നിന്നും വൈദ്യുതി വാങ്ങുന്നത്.

അന്തർ സംസ്ഥാന പ്രസരണ ലൈനുക ളിൽക്കൂടി "open access" വ്യവസ്ഥയിലാണ് കേരളത്തിലേക്ക് പുറമെ നിന്നുള്ള വൈദ്യുതി എത്തിക്കുന്നത്. ഈ വ്യവസ്ഥയിൽ വൈദ്യുതി കൊണ്ടു വരുന്നതിനായുള്ള അനുമതിയ്ക്കായി ബോർഡും ട്രേഡേഴ്സും ബാംഗ്ലൂർ ആസ്ഥാനമായ SRLDC (Southern Regional Load Despatch Centre)-യിൽ അപേക്ഷ നൽകുകയും അനുമതി ലഭ്യമാകുന്ന പക്ഷം പുറമെ നിന്നും കരാർ മുഖേന വൈദ്യുതി എത്തിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ.